A

വിദ്യാഭ്യാസ അവകാശം

സർവ ശിക്ഷാ അഭിയാൻ

512

# വാർഷിക മൂല്യനിർണയം 2017–18

## മലയാളം

ക്ലാസ്സ് : 5 **അടിസ്ഥാനപാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കുക.
- അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം 1 : ഡയറിക്കുറിപ്പ്**

ജനൽച്ചില്ലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടാണ് മാളു ഉണർന്നത്. കണ്ണുകൾ തിരുമ്മിക്കൊണ്ട് ജാലകം തുറന്ന് അവൾ പുറത്തേക്ക് നോക്കി. മുറ്റത്തെ കൊച്ചുമരച്ചില്ലയിൽ അമ്മക്കിളി അവളെത്തന്നെ നോക്കി ചിലച്ചു കൊണ്ടിരിക്കുന്നു. ഞാനിവിടെയുണ്ടേ എന്ന ഭാവത്തിൽ പയർച്ചെടി തലയാട്ടുന്നു.

മാളു ഉണർന്നപ്പോൾ മുതൽ കണ്ട കാഴ്ചകൾ നിങ്ങൾക്കറിയാമല്ലോ. നിങ്ങളുടെ ദിവസത്തിന്റെ തുടക്കം ഇങ്ങനെയാണോ? നിങ്ങളുടെ ഒരു ദിവസത്തെ സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു ഡയറിക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 2 : വിവരണം**

"കണ്ണടച്ചോ..... കണ്ണടച്ചോ........." അച്ഛൻ നെഞ്ചിടിപ്പോടെ പറഞ്ഞു. അവൻ കൈകൾ കൊണ്ട് കണ്ണു പൊത്തി. എങ്കിലും കൈവിരലുകൾ മെല്ലെ നീക്കി. കൗതുകത്തോടെ ആ കാഴ്ച കാണാതിരിക്കാൻ അവനു കഴിഞ്ഞില്ല.

നീലക്കുന്നിലെ കുട്ടി കണ്ട അത്ഭുതക്കാഴ്ച നിങ്ങൾ ഓർക്കുന്നില്ലേ?

മനോഹരമായ ആ കാഴ്ചയുടെ ഒരു വിവരണം തയാറാക്കൂ.

**പ്രവർത്തം 3 : ഉപന്യാസം**

മലയാളനാടിന്റെ ഐശ്വര്യവും ലാളിത്യവും വിളിച്ചു പറയുന്ന പി.കുഞ്ഞിരാമൻ നായരുടെ 'എങ്ങുപോയി?' എന്ന കവിത നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ. മനുഷ്യനെ ആവോളം സ്നേഹിക്കുന്ന പ്രകൃതിക്ക് മനുഷ്യൻ തിരിച്ചു നൽകുന്നത് എന്താണ്? കുന്നിടിച്ചും മരങ്ങൾ വെട്ടിയും മണൽ വാരിയും..... നിങ്ങൾ പഠിച്ച കാര്യങ്ങളും ചുറ്റുപാടുകളിൽ നിന്ന് മനസിലാക്കിയ സംഗതികളും ചേർത്ത് ഒരു ഉപന്യാസം തയാറാക്കുക.

**പ്രവർത്തനം 4 : അനുഭവക്കുറിപ്പ്**

ബാല്യകാലത്തിന്റെ ഓർമ്മകൾ പങ്കുവയ്ക്കുന്ന എം.ടി യുടെ 'വിഷുക്കണി' എന്ന പാഠഭാഗം വായിച്ചിട്ടുണ്ട്. കയ്പ്പും മധുരവും നിറഞ്ഞ നിരവധി അനുഭവങ്ങൾ നമുക്കുമുണ്ടാകുമല്ലോ. നിങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവത്തെക്കുറിച്ച് അനുഭവക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 5 - കുറിപ്പ് തയാറാക്കുക**

*ലോകമേ തറവാട്, തനിക്കീ ചെടികളും പുൽകളും*
*പുഴുക്കളും കൂടിത്തൻ കുടുംബക്കാർഭ*

(വള്ളത്തോൾ)

*ആരല്ലെൻ ഗുരുനാഥ, രാരല്ലെൻ ഗുരുനാഥർ?*
*പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടത്രോ!*

ഒളപ്പമണ്ണയുടെ 'എന്റെ വിദ്യാലയം' എന്ന കവിതയിലെ നിങ്ങൾ പഠിച്ച വരികളാണിത്. ഈ ലോകത്തു നിന്ന് ഞാൻ പലതും പഠിക്കുന്നു. എല്ലാവരും എന്റെ ഗുരുക്കൻമാരാണ്. ഈ രണ്ട് കവിതാശകലങ്ങളും പരിശോധിച്ചു കൊണ്ട് ഒരു കുറിപ്പ് തയാറാക്കുക. നിങ്ങളുടെ സ്വന്തം അഭിപ്രായങ്ങളും ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**പ്രവർത്തനം 6 - ആസ്വാദനക്കുറിപ്പ് തയാറാക്കുക**

എ)

"ആവണിപ്പാടം കുളിച്ചുതോർത്തീ - മുടി -
യാകെവിടർത്തിയുലർത്തി നിന്നു
പെറ്റെഴുന്നേറ്റു വേതിട്ടു കുളിച്ചൊരു
പെൺമണിയെപ്പോൽ തെളിഞ്ഞു നിന്നു
ആയമ്മയെക്കാണാനക്കരെയിക്കരെ
ആ വഴിയീവഴി ആരു വന്നു
ഓരോരോ പായാരം തങ്ങളിൽ ചൊല്ലി
ഓരായിരം കിളിയൊത്തു വന്നു.
കുഞ്ഞിനു തീറ്റി കൊടുത്തു കൊണ്ടേ - ചിലർ
കുട്ട്യോളെ കൂടെ നടത്തിക്കൊണ്ടേ
ചുണ്ടു മുറുക്കിച്ചുവന്നു കൊണ്ടേ - ഉടു
മുണ്ടു മുട്ടോളവുമേറ്റിക്കൊണ്ടേ
ഉതിർമണിയൊന്നു കൊറിച്ചു കൊണ്ടേ - കൈകൾ
ഊഞ്ഞാലായത്തിൽ വീശിക്കൊണ്ടേ
ചളിവരമ്പത്തൊന്നു വഴുതിക്കൊണ്ടേ - ചിലർ
മഴവെള്ളച്ചാലുകൾ നീന്തിക്കൊണ്ടേ
ഓരോരോ പായാരം തങ്ങളിൽ ചൊല്ലി
ഓരായിരം കിളിയൊത്തുവന്നു."

- ആവണിപ്പാടം (ഒ.എൻ.വി കുറുപ്പ്)

| | | |
|---|---|---|
| വേത് | - | ഔഷധസസ്യങ്ങളിട്ട് തിളപ്പിച്ച വെള്ളം |
| ആയമ്മ | - | ആ അമ്മ |
| പായാരം | - | വർത്തമാനം |

ഒരായിരം കിളികൾ വിരുന്നെത്തുന്ന ആവണിപ്പാടത്തെ നിങ്ങൾക്കിഷ്ടമായോ? കവിതയിലെ മറ്റ് ആശയങ്ങൾ, സവിശേഷ പ്രയോഗങ്ങൾ എന്നിവ കൂട്ടിച്ചേർത്ത് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

ബി) 'കൊഴിഞ്ഞു വീണ നെല്ല്' എന്ന അർത്ഥത്തിൽ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദമേത്?